**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2507** 12/03/2020-ലെ മറുപടി

**ചാത്തമംഗലം എൻ.സി.പി.സി. പദ്ധതിക്ക് കുളിമാട് പ്ലാന്റിൽ നിന്ന് വെള്ളം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി.എ. റഹീം : | | ശ്രീ. കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| എ) | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ എൻ.സി.പി.സി. കുടിവെള്ള പദ്ധതി ടാങ്കിലേക്ക് കുളിമാട് 72 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ബൾക്ക് മീറ്റർ വെച്ച് വെള്ളം ലഭ്യമാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം വരുത്തുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (എ)&<br>ബി) | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്ത ചാത്തമംഗലം ഗ്രാമ പഞ്ചായത്തിലെ എൻ. സി. പി. സി കുടിവെള്ള പദ്ധതി ടാങ്കിലേക്ക് കുളിമാട് 72 എം. എൽ. ഡി ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്നും ബൾക്ക് മീറ്റർ വച്ച് വെള്ളം ലഭ്യമാക്കുന്നതിന് ഒരു കോടിരൂപയുടെ ഒരു പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നു. എന്നാൽ പഴയ എൻ. സി/പി. സി സ്കീമിന്റെ പുനരുദ്ധാരണ മായതിനാൽ, കാലപ്പഴക്കം വന്ന പൈപ്പുകളുടെ വാഹകശേഷി ഉറപ്പുവരുത്തേണ്ടതായിരുന്നു. ആയതിനാൽ പ്രൊപ്പോസൽസാങ്കേതികമായി പുനപരിശോധിക്കുന്നതിനും കേന്ദ്ര സർക്കാർ പദ്ധതിയായ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തുവാനുതകും വിധം പുതുക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. പുതുക്കിയ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാകുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |
| ബി) | 2019-20 ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | | |

Renuka Sankar

സെക്ഷൻ ഓഫീസർ